**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3219** **04-08-2021 - ൽ മറുപടിയ്ക്ക്**

**താത്ക്കാലിക ആരോഗ്യ പ്രവർത്തകർക്കുള്ള മിനിമം വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി.പി .രാമകൃഷ്ണൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആശുപത്രി വികസന സമിതി മുഖേന നിയമിക്കപ്പെടുന്ന ആരോഗ്യ പ്രവർത്തകർക്ക് പല ആശുപത്രികളിലും മിനിമം വേതനം ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഓരോ വിഭാഗത്തിനും നിശ്ചയിച്ച വേതനം എല്ലാവർക്കും ഉറപ്പാക്കുന്നുണ്ട്. 07/01/2010 തീയതിയിലെ സ. ഉ (കൈ) നം. 6/2010/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആശുപത്രി വികസന സമിതിയുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് വേതനം നൽകുന്നതിനുള്ള നിർദ്ദേശം ഉള്ളതിനാൽ ആശുപത്രി വികസന സമിതി വഴി നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സമിതിയുടെ തീരുമാനപ്രകാരമുള്ള വേതനം നൽകി വരുന്നു. |
| (ബി) | ആശുപത്രി വികസന സമിതികളുടെ കീഴിൽ മെഡിക്കൽ കോളേജുകൾ, താലൂക്ക് ആശുപത്രികൾ, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിയമിക്കപ്പെടുന്ന ആരോഗ്യ പ്രവർത്തകർക്ക് നൽകുന്ന വേതനം എത്രയെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ഓരോ വിഭാഗത്തിനും നിശ്ചയിച്ച വേതനം എല്ലാവർക്കും ഉറപ്പാക്കുന്നുണ്ട്. 07/01/2010 തീയതിയിലെ സ. ഉ (കൈ) നം. 6/2010/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ആശുപത്രി വികസന സമിതിയുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് വേതനം നൽകുന്നതിനുള്ള നിർദ്ദേശം ഉള്ളതിനാൽ ആശുപത്രി വികസന സമിതി വഴി നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് സമിതിയുടെ തീരുമാനപ്രകാരമുള്ള വേതനം നൽകി വരുന്നു. |
| (സി) | ആശുപത്രി വികസന സമിതിയുടെ വരുമാനത്തിന്റെ അറുപത് ശതമാനം മാത്രമേ ജീവനക്കാർക്ക് ശമ്പള ഇനത്തിൽ നൽകുവാൻ പാടുള്ളൂവെന്ന് നിഷ്കർഷിക്കുന്ന നിയമാവലി നിലവിലുണ്ടോ;എങ്കിൽ ഇതിൽ മാറ്റം വരുത്തി ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | സർക്കാർ ആശുപത്രികളിൽ ഗുണനിലവാരമുള്ള സേവനം രോഗികൾക്ക് ലഭ്യമാക്കുന്നതിനാണ് ആശുപത്രി വികസന സമിതികൾ/സൊസൈറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഒ. പി രജിസ്ട്രേഷൻ ഫീ, വാഹന പാർക്കിങ് ഫീ , ആശുപത്രിയിൽ ലാബ് , സൗകര്യങ്ങൾ ഒരുക്കുക, അതിലൂടെ ചെറിയ വരുമാനം സ്വരൂപിക്കുക തുടങ്ങിയവയാണ് ഈ സമിതികളുടെ/സൊസൈറ്റികളുടെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. ഈ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനമാണ് ഇതിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിനായി മാറ്റി വയ്ക്കുന്നത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസ വേതന നിരക്കുകൾ അധികരിക്കാതെയും ശമ്പളത്തിനും ഭരണപരമായ കാര്യങ്ങൾക്കുമുള്ള എസ്റ്റാബ്ളിഷ്മെന്റ് ചെലവ് |

| | | | |
|---|---|---|---|
| | | | ആശുപത്രി വികസന സൊസൈറ്റി ഫണ്ടിന്റെ 70 ശതമാനത്തിലും /ആശുപത്രി വികസന കമ്മിറ്റി ഫണ്ടിന്റെ 50 ശതമാലത്തിലും അധികമാകാതെ നിജപ്പെടുത്തി ജീവനക്കാരുടെ വേതനം നിലവിൽ നൽകുന്നുണ്ട്. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രി മാനേജ്മന്റ് കമ്മിറ്റിയിലെ ജീവനക്കാർക്ക് അതിന്റെ വരുമാനത്തിന്റെ 60% വരെ വേതനം നൽകുന്നതിനായി ഉപയോഗിക്കുന്നു. |
| (ഡി) | മെഡിക്കൽ കോളേജുകളിൽ ഇത് എഴുപത് ശതമാനം ആയി ഉയർത്തി ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | സർക്കാർ ആശുപത്രികളിൽ ഗുണനിലവാരമുള്ള സേവനം രോഗികൾക്ക് ലഭ്യമാക്കുന്നതിനാണ് ആശുപത്രി വികസന സമിതികൾ/സൊസൈറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഒ. പി രജിസ്ട്രേഷൻ ഫീ, വാഹന പാർക്കിങ് ഫീ , ആശുപത്രിയിൽ ലാബ് , സൗകര്യങ്ങൾ ഒരുക്കുക, അതിലൂടെ ചെറിയ വരുമാനം സ്വരൂപിക്കുക തുടങ്ങിയവയാണ് ഈ സമിതികളുടെ/സൊസൈറ്റികളുടെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. ഈ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനമാണ് ഇതിലെ ജീവനക്കാർക്ക് വേതനം നൽകുന്നതിനായി മാറ്റി വയ്ക്കുന്നത്. സർക്കാർ നിശ്ചയിച്ചിട്ടുള്ള ദിവസ വേതന നിരക്കുകൾ അധികരിക്കാതെയും ശമ്പളത്തിനും ഭരണപരമായ കാര്യങ്ങൾക്കുമുള്ള എസ്റ്റാബ്ളിഷ്മെന്റ് ചെലവ് ആശുപത്രി വികസന സൊസൈറ്റി ഫണ്ടിന്റെ 70 ശതമാനത്തിലും /ആശുപത്രി വികസന കമ്മിറ്റി ഫണ്ടിന്റെ 50 ശതമാലത്തിലും അധികമാകാതെ നിജപ്പെടുത്തി ജീവനക്കാരുടെ വേതനം നിലവിൽ നൽകുന്നുണ്ട്. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രി മാനേജ്മന്റ് കമ്മിറ്റിയിലെ ജീവനക്കാർക്ക് അതിന്റെ വരുമാനത്തിന്റെ 60% വരെ വേതനം നൽകുന്നതിനായി ഉപയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ